തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എ.ഡി.ബി. സഹായം

108 [883] ശ്രീ. ലൂഡി ലൂയിസ് :

" പ്രയാർ ഗോപാലകൃഷ്ണൻ :

" ജി. കാർത്തികേയൻ :

" എം. പി. ഗംഗാധരൻ :

" ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എ.ഡി.ബി. സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്;

(ബി) എത്ര തുകയ്ക്കുള്ള സഹായമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത തുകകൊണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സാധിക്കുമോ;

(ഡി) പ്രസ്തുത തുക എന്നത്തേക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിന്റെ തിരിച്ചടവ് എപ്രകാരമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകൾക്ക്.

(ബി) ഏകദേശം 1250 കോടി രൂപ.

(സി) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ റോഡുകൾ, ജലവിതരണം, സ്ലീവറേജ്, അഴുക്കുചാൽ, ചരമാലിന്യ നിർമ്മാർജ്ജനം, ദാരിദ്ര്യ ലഘൂകരണം എന്നീ പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി, ഇ) അന്തിമ തീരുമാനം ആയിട്ടില്ല.

കോർപ്പറേഷനുകൾക്ക് എ. ഡി. ബി. നൽകുന്ന വായ്പ

109 [884] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകൾക്ക് എ. ഡി. ബി. നൽകുന്ന അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വായ്പ എത്രയാണ്;

(ബി) ഇതിനായി കൺസൾട്ടൻസിയെ നിയമിച്ചത് എന്നാണ്;

(സി) തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly